"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് അക്കര എൻ.എം.യു.പി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.6476/2025/GEDN തീയതി,തിരുവനന്തപുരം, 10-09-2025

പരാമർശം:-
1. പാലക്കാട് അക്കര എൻ.എം.യു.പി സ്കൂൾ മാനേജർ സർ ക്കാരിൽ സമർപ്പിച്ച 18/10/2024 തീയതിയിലെ പുന പരിശോധനാ ഹർജി.
2. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/01/2025 തീയതിയിലെ AEOALT/702/2024-C നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/01/2025 തീയതിയിലെ RA1/25657/2024/DGE നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് അക്കര എൻ.എം.യു.പി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ GO (Ms) 54/2024/പൊ.വി.വ തീയതി 1.6.2024-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടി സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജിയിന്മേൽ ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 21.1.2025-ൽ ഗ്രൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.

പാലക്കാട് ജില്ലയിൽ ആലത്തൂർ ഉപജില്ലയിൽ ഉൾപ്പെട്ട അക്കര എൻ.എം.യു.പി സ്കൂളിൽ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 2023-24 സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം താഴെ കൊടുത്ത പ്രകാരം കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്.

I-ാം - ക്ലാസ്സ്	95
II-ാം - ക്ലാസ്സ്	78
III-ാം -ക്ലാസ്സ്	133
IV-ാം -ക്ലാസ്സ്	135

V◌ാ◌ം -ക്ലാസ്സ് 141

VI◌ാ◌ം -ക്ലാസ്സ് 188

VII◌ാ◌ം -ക്ലാസ്സ് 157

ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 13.9.2023-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 2022-23 അദ്ധ്യയന വർഷവും, 2023-24 അദ്ധ്യയന വർഷവും അനുവദിച്ച ക്ലാസ്സ് ഡിവിഷനുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

ക്ലാസ്സ്	2022-23 അദ്ധ്യയന വർഷം അനുവദിച്ച തസ്തികകളുടെ എണ്ണം	2023-24 അദ്ധ്യയന വർഷം അനുവദിച്ച തസ്തികകളുടെ എണ്ണം	2023-24 അദ്ധ്യയന വർഷം ഗവൺമെന്റിലേക്ക് ശുപാർശ ചെയ്ത തസ്തികകളുടെ എണ്ണം
I	3	3	
II	5	3	
III	5	5	
IV	5	5	
V	5	5	
VI	5	5	1
VII	4	4	1
ആകെ	32	30	2

മേൽ കൊടുത്ത പട്ടിക പ്രകാരം 2022-23 അദ്ധ്യയന വർഷം അനുവദിച്ച 32 ഡിവിഷനുകൾ 2023-24 അദ്ധ്യയന വർഷവും ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. നിലവിൽ ഉള്ളതിനെക്കാൾ കൂടുതൽ തസ്തികകൾ അനുവദിക്കേണ്ടത് മാത്രമേ അധിക ഡിവിഷനായി കണക്കാക്കുകയുള്ളൂ. ആയത് മാത്രമേ ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യേണ്ടതുള്ളൂ. മേൽ പട്ടികയിൽ കൊടുത്ത പ്രകാരം 2022-23 അദ്ധ്യയന വർഷം നിലനിന്ന 2 ഡിവിഷനുകൾ അനുവദിക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്ത ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമല്ലാത്തതാണ്.

GO (P) No.5/2022/GEDN dt.18.4.2022 (published in Gazetted dt.20.4.2022) പ്രകാരം അഡീഷണൽ ഡിവിഷൻ, അഡീഷണൽ പോസ്റ്റ് അനുവദിക്കേണ്ട സാഹചര്യത്തിൽ മാത്രമാണ് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യേണ്ടത്. 2022-23 അദ്ധ്യയന അദ്ധ്യയന വർഷം അനുവദിച്ച 32 ഡിവിഷനുകൾ 2023-24 അദ്ധ്യയന വർഷവും അനുവദിക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യേണ്ടതില്ല.

കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(2) പ്രകാരം കെ.ഇ.ആർ അദ്ധ്യായം XIV, ചട്ടം 43, 51എ, 51ബി എന്നീ ചട്ടങ്ങൾക്ക് വിധേയമായി അധിക തസ്തികകളിൽ കാറ്റഗറി പരിഗണിക്കാതെ തന്നെ സ്റ്റാഫ് ഫിക്സേഷനെ തുടർന്ന് മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടുകൂടി ടീച്ചേഴ്സ് ബാങ്കിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്ന് ടീച്ചേഴ്സ്

ബാങ്കിൽ നിന്നും അല്ലാതെയും യഥാക്രമം 1:1 എന്ന അനുപാതത്തിൽ നിയമനം നടത്തികൊണ്ട് ഒഴിവുകൾ നികത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് ഓരോ വർഷത്തെയും തസ്തിക നിർണ്ണയം വഴി ഒരു സ്കൂളിലുണ്ടാകുന്ന മൊത്തം തസ്തികകൾ കാറ്റഗറി ഭേദമന്യേ മുൻവർഷത്തേതിന് തുല്യമാണെങ്കിൽ 1:1 പാലിക്കപ്പെടുന്നതിനായി പരിഗണിക്കപ്പെടേണ്ടതില്ല എന്ന് കാണാവുന്നതാണ്. കാറ്റഗറി ഭേദമന്യേ മൊത്തം തസ്തികയുടെ എണ്ണമെടുക്കുമ്പോൾ മുൻവർഷത്തേതിൽ നിന്നും അധികമുണ്ടെങ്കിൽ മാത്രമേ അധിക തസ്തികയായി പരിഗണിക്കേണ്ടതുള്ളൂ.

ഒരു സ്കൂളിനെ ഒരു യൂണിറ്റായി എടുത്തുകൊണ്ട് ആ സ്കൂളിൽ അധിക തസ്തിക ഉണ്ടോ ഇല്ലയോ എന്ന നിശ്ചയിക്കുന്നത്. അതായത് ഒരു യു.പി.സ്കൂളിൽ ഒരു എൽ.പി.എസ്.ടി തസ്തിക കുറയുകയും അതേ സമയം ഒരു യു.പി.എസ്.ടി തസ്തിക വർദ്ധിക്കുകയും ചെയ്യുമ്പോൾ ആ സ്കൂൾ ഒരു യൂണിറ്റായി കണക്കാക്കി പരിശോധിച്ചാൽ അവിടെ ഒരു അധിക തസ്തിക ഉണ്ടാവുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഒരു എൽ.പി.എസ്.ടി തസ്തിക കുറഞ്ഞതുമൂലം എൽ.പി വിഭാഗത്തിൽ നിന്നും പുറത്താകുന്ന എൽ.പി.എസ്.ടി-യെ യു.പി.വിഭാഗത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അധികമായി വന്ന ഒരു യു.പി.എസ്.ടി തസ്തികയിൽ തുടരാൻ അനുവദിക്കുകയും ചെയ്യാം. ഒരു സ്കൂളിൽ അധിക തസ്തിക ഉണ്ടാകുമ്പോഴാണ് 1:1 പാലിച്ച് നിയമനം നടത്തേണ്ടത്. മറിച്ച് ഏതെങ്കിലും കാറ്റഗറിയിലെ വർദ്ധനവിന്റെ അടിസ്ഥാനത്തിലല്ല. 29.12.2019-ലെ സ.ഉ (സാധാ) നം.5744/2019/പൊ.വി.വ ഉത്തരവിൽ ഗവൺമെന്റ് ഇക്കാര്യം വ്യക്തത വരുത്തിയിട്ടുള്ളതാണ്. ടി ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"എൽ.പി.യു.പി വിഭാഗത്തിൽ വ്യത്യസ്ത വർഷങ്ങളിൽ തസ്തിക കൂടുകയും കുറയുകയും ചെയ്യുന്നുണ്ടെങ്കിലും സ്കൂളിലെ ആകെ ഡിവിഷനുകളും തസ്തികകളും 15 തന്നെയായി എല്ലാ വർഷവും തുടരുകയാണ്. അതിനാൽ 2017-18-ൽ യു.പി വിഭാഗത്തിൽ ഉണ്ടായ അധിക തസ്തികയായി പരിഗണിക്കേണ്ടതില്ല (സ്കൂൾ ഒരു യൂണിറ്റായാണ് പരിഗണിക്കേണ്ടത്). ആയതിനാൽ പ്രസ്തുത ഒഴിവിൽ അശ്വതിയുടെ നിയമനം മറ്റ് വിധത്തിൽ അർഹമാണെങ്കിൽ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ചാവക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പരാമർശം (1) ലെ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(2) പ്രകാരം "the additional posts irrespective of category, on staff fixation shall be filled up by the Manager by appointing teachers from among the list of protected teachers and by appointing teachers otherwise than from the teachers Bank in the ratio 1:1 respectively". എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആതായത് ഓരോ വർഷത്തെയും തസ്തിക നിർണ്ണയം വഴി ഒരു സ്കൂളിലുണ്ടാകുന്ന മൊത്തം തസ്തികകൾ കാറ്റഗറി ഭേദമന്യേ മുൻ വർഷത്തേതിന് തുല്യമാണെങ്കിൽ 1:1 റേഷ്യോ പാലിക്കപ്പെടുന്നതിനായി പരിഗണിക്കേണ്ടതില്ല. കാറ്റഗറി ഭേദമന്യേ മൊത്തം തസ്തികയുടെ എണ്ണമെടുക്കുമ്പോൾ ആയത് മുൻ വർഷത്തെതിൽ നിന്നും അധികമാകുന്നെങ്കിൽ മതി എന്നു വെച്ച് തസ്തിക നിർണ്ണയം ചെയ്ത വിദ്യാഭ്യാസ ഓഫീസർ നൽകുന്ന സ്റ്റാഫ് പട്ടികയിൽ ഏതെങ്കിലും ഒരു പ്രത്യേക തസ്തിക മുൻ വർഷം ഉണ്ടായിരുന്ന പ്രസ്തുത തസ്തികയുടെ എണ്ണത്തിൽ നിന്നും അധികമാകുന്നാതായി കണ്ടാൽ അതിനെ അധിക തസ്തിക എന്ന ഗണത്തിൽപെടുത്തുന്നതിൽ ആക്ഷേപമുണ്ടാകേണ്ടതില്ല. കാരണം പ്രസ്തുത അധിക തസ്തിക അനുവദിക്കുമ്പോൾ ആ നടപടി കാറ്റഗറി ഭേദമന്യേ മൊത്തം തസ്തികയുടെ എണ്ണത്തിൽ ആധിക്യം വരുത്താത്ത പക്ഷം 1:1 റേഷ്യോ പാലിച്ച് സംരക്ഷിതാദ്ധ്യാപക നിയമനത്തിന് പരിഗണിക്കേണ്ടി വരുന്നില്ല എന്നതാണ് ചട്ടപ്രകാരമുള്ള സ്ഥിതി.

മേൽ വസ്തുതകൾ പരിഗണിച്ച് 2022-23 അദ്ധ്യയന വർഷം മേൽ വിദ്യാലയത്തിൽ അനുവദിച്ച 32 ഡിവിഷനുകൾ 2023-24 അദ്ധ്യയന വർഷവും അധിക തസ്തികയായി കണക്കാക്കാതെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

2023-24 സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം ഒന്നാം ക്ലാസ്സിൽ 95 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. ടി സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം 91 കുട്ടികൾക്ക് യു.ഐ.ഡി ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. നിർദ്ദിഷ്ട പി.ടി.ആർ പ്രകാരം 4 ഡിവിഷനുകൾ ഒന്നാം ക്ലാസ്സിൽ അനുവദിക്കാമെന്നും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 2023-24 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ 3 ഡിവിഷൻ മാമത്രമേ അനുവദിച്ചിട്ടുള്ളൂ. ഒന്നാം ക്ലാസ്സിൽ 2023-24 അദ്ധ്യയന വർഷം നിർദ്ദിഷ്ട പി.ടി.ആർ പ്രകാരമുള്ള 4 ഡിവിഷനുകൾ അനുവദിച്ചാൽ 2023-24 അദ്ധ്യയന വർഷം അനുവദിച്ച 32 തസ്തികകളെക്കാൾ ഒരു എൽ.പി.എസ്.ടി തസ്തിക അധികമായി അനുവദിക്കേണ്ടിവരും. ആയത് അനുവദിക്കുന്നതിന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടില്ല.

മേൽ വിദ്യാലയത്തിലെ 91 കുട്ടികൾക്ക് ആറാം പ്രവൃത്തി ദിവസം യു.ഐ.ഡി ലഭ്യമായിരുന്നു. 4 കുട്ടികൾക്ക് യു.ഐ.ഡി ഉണ്ടായിരുന്നില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25-7-2023-ലെ എൻ.ഇ.പി-3/236124/21ഡി.ജി.ഇ സർക്കുലർ പ്രകാരം അനുവദിച്ച സമയപരിധിക്കുള്ളിൽ യു.ഐ.ഡി ലഭ്യമാകാത്ത 4 കുട്ടികൾ യു.ഐ.ഡി ലഭ്യമാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2023-24 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ 95 കുട്ടികൾക്കും നിശ്ചിത സമയപരിധിക്കം യു.ഐ.ഡി ലഭ്യമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഒന്നാം ക്ലാസ്സിൽ 4 ഡിവിഷനുകൾ അനുവദിക്കാവുന്നതാണ്.

ആറാം പ്രവൃത്തി ദിവസത്തിന് ശേഷം മുഹമ്മദ് സവാദ് എസ്. എച്ച്.എൽ.പി.എസ് മലേശമംഗലം, തൃശ്ശൂരിലേക്കും, മുഹമ്മദ് സിറാജ്.എൻ, ജി.ജി.യു.പി.എസ്, പൊക്കുന്ന് കോഴിക്കോടിലേക്കും ടി.സി വാങ്ങി പോയിട്ടുണ്ട്. 2 കുട്ടികൾ ടി.സി വാങ്ങിപ്പയതിന് ശേഷവും യു.ഐ.ഡി ഉള്ള 93 കുട്ടികൾ ഒന്നാം ക്ലാസ്സിൽ 2023-24 അദ്ധ്യയന വർഷം മുഴുവനായും അദ്ധ്യയനം നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഒന്നാം ക്ലാസ്സ് റോൾ സ്ട്രെങ്ത് ഒരു ഘട്ടത്തിലും 91-ൽ കുറയാത്തതിനാൽ 33ാമത്തെ അധിക തസ്തിക അനുവദിക്കുന്നതിന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്യേണ്ടതാണ്. 91 കുട്ടികൾ 2023-24 അദ്ധ്യയന വർഷം മുഴുവനായും ഒന്നാം ക്ലാസ്സിൽ അദ്ധ്യയനം നടത്തിയ സ്ഥിതിക്ക് ഒന്നാം ക്ലാസ്സിൽ 4ാമത്തെ അധിക തസ്തിക അനുവദിച്ച് ഉത്തരവാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച് 2022-23 അദ്ധ്യയന വർഷം നിലനിന്ന 32 ഡിവിഷനുകൾ 2023-24 അദ്ധ്യയന വർഷവും അനുവദിക്കുന്നതിനുള്ള നിർദ്ദേശം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും അധിക തസ്തിക അനുവദിക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്ത ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി റദ്ദാക്കണമെന്നും എന്നാൽ 2023-24 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ യു.ഐ.ഡി ഉള്ള 91-ൽ കൂടുതൽ കുട്ടികൾ ആ വർഷം മുഴുവൻ അദ്ധ്യയനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു അധിക തസ്തിക ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യാതിരുന്ന ടിയാളുടെ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ ഒന്നാം ക്ലാസ്സിൽ ഒരു അധിക തസ്തിക അനുവദിച്ചു ഉത്തരവാകണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

അക്കര എൻ എം യു പി എസ് -ൽ 2022-23 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ച ഡിവിഷനുകൾ മുതലായ വിവരങ്ങൾ (റീ-അഡ്മിഷൻ, ആറാം സാധ്യായ ദിവസത്തിന് ശേഷമുള്ള അഡ്മിഷൻ എന്നിവ ഒഴിവാക്കിയത്) താഴെ കൊടുക്കുന്നു.

ക്ലാസ്/ഡിവിഷൻ	I	II	III	IV	V	VI	VII	ആകെ
ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം	73	136	138	129	198	162	133	969
ആറാം സാധ്യായ ദിനത്തിലെ (2022-23) യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത്	52	126	135	123	195	159	131	921
ആറാം സാധ്യായ ദിനത്തിലെ യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ഇല്ലാത്ത കുട്ടികളുടെ എണ്ണം	21	10	3	6	3	3	2	48
ഇഫക്ടീവ് സ്ട്രെങ്ത്	72	135	137	129	198	160	132	963
നിർദ്ദിഷ്ട പി.റ്റി.ആർ പ്രകാരം അർഹതയുള്ള ഡിവിഷനുകൾ	3	5	5	5	5	5	4	32
2022-23 വർഷം അനുവദിച്ച ഡിവിഷനുകൾ	3	5	5	5	5	5	4	32

2023-24 വർഷത്തെ വിദ്യാർഥികളുടെ എണ്ണം, അനുവദിച്ച ഡിവിഷനുകൾ മുതലായ വിവരങ്ങൾ (റീ-അഡ്മിഷൻ, ആറാം സാധ്യായ ദിവസത്തിന് ശേഷമുള്ള അഡ്മിഷൻ എന്നിവ ഒഴിവാക്കിയത്) താഴെ കൊടുക്കുന്നു.

ക്ലാസ്/ഡിവിഷൻ	I	II	III	IV	V	VI	VII	ആകെ
ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം	95	78	133	135	141	188	157	927
ആറാം സാധ്യായ ദിനത്തിലെ (2023-24) യു.ഐ.ഡി/ഇ.ഐ. ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത്	91	78	133	135	141	185	156	919
ആറാം സാധ്യായ ദിനത്തിലെ യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ഇല്ലാത്ത കുട്ടികളുടെ എണ്ണം	0	0	0	0	0	0	0	0
ഇഫക്ടീവ് സ്ട്രെങ്ത്	89	78	130	135	139	185	155	911
നിർദ്ദിഷ്ട പി.റ്റി.ആർ പ്രകാരം അർഹതയുള്ള ഡിവിഷനുകൾ	4	3	5	5	5	6	5	33
2023-24 വർഷം അനുവദിച്ച ഡിവിഷനുകൾ	3	3	5	5	5	5	4	30

2022-23 വർഷത്തേതിൽ നിന്നും രണ്ടാം ക്ലാസ്സിൽ ഉണ്ടായ കുട്ടികളുടെ കുറവ് മൂലമാണ് 2023-24 വർഷത്തിൽ (2022-23 വർഷത്തേതിൽ നിന്നും) 2 ഡിവിഷൻ കുറയാൻ ഇടയായത്. 2023-24 വർഷത്തിൽ 6, 7 ക്ലാസ്സുകളിൽ യു ഐ ഡി ഉള്ള കുട്ടികൾ കൂടിയതിനാൽ 2 അധിക ഡിവിഷനും രണ്ട് അധിക UPST തസ്തികയ്ക്കും സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ആയത് അനുവദിക്കുകയും 2024ലെ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് ക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്.

അക്കര എൻ എം യു പി സ്കൂളിൽ 2023-24 വർഷത്തിൽ യു.ഐ.ഡി ഇല്ലാത്ത

വിദ്യാർത്ഥികളുടെ എണ്ണം കൂടി കണക്കാക്കി ഒന്നാം തരത്തിൽ ഒരു അധിക ഡിവിഷൻ നൽകണമെന്നതാണ് മാനേജരുടെ അപ്പീലിലെ മറ്റൊരു ആവശ്യം.

ടി സ്കൂളിൽ ഒന്നാം ക്ലാസ്സിൽ 2 കുട്ടികൾ 6th വർക്കിംഗ് ഡേ-ക്ക് ശേഷം ടി.സി വാങ്ങി പോയിട്ടുണ്ട്. ആയത് പ്രധാനാദ്ധ്യാപിക ഉപജില്ല വിദ്യാഭ്യാസ ഓഫീസിനെ അറിയിച്ചിട്ടില്ല. കൂടാതെ ഒന്നാം ക്ലാസ്സിൽ 95 വിദ്യാർത്ഥികൾ ഉള്ളതിൽ 91 വിദ്യാർത്ഥികൾക്ക് മാത്രമേ വാലിഡ് യു.ഐ.ഡി ഉള്ളൂ. പൊതുവിദ്യാഭ്യാസഡയറക്ടറുടെ 7.8.2023 തീയതിയിലെ ഡി.ജി.ഇ/7241/2023/എച്ച്2 നമ്പർ സർക്കുലർ പ്രകാരം വാലിഡ് യു.ഐ.ഡി ഉള്ള വിദ്യാർത്ഥികളെ മാത്രമേ തസ്തിക നിർണ്ണയത്തിൽ പരിഗണിക്കാൻ കഴിയൂ. ആയതിനാൽ ഒന്നാം ക്ലാസ്സിൽ അധിക ഡിവിഷൻ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല എന്ന് ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12(1) വാലിഡ് യു.ഐ.ഡി ഉള്ള വിദ്യാർത്ഥികളെ മാത്രമേ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാവൂ ആയതിനാൽ ഒന്നാം തരത്തിലെ അധിക ഡിവിഷൻ എന്ന ആവശ്യം പരിഗണനാർഹമല്ല. ഉപജില്ല/ജില്ല വിദ്യാഭ്യാസ ഓഫീസർമാർ പ്രാഥമിക പരിശോധനയിൽ ശുപാർശ ചെയ്യ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമാണ് ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത്. വാലിഡ് യു.ഐ.ഡി ഉള്ള വിദ്യാർത്ഥികളെ മാത്രമേ തസ്തിക നിർണ്ണയത്തിൽ പരിഗണിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ടി സ്കൂളിലെ അധിക ഡിവിഷൻ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്തിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ പ്രസ്തുത വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും, ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട് അക്കര എൻ.എം.യു.പി സ്കൂളിൽ 2022-23 അദ്ധ്യയന വർഷം നിലനിന്നിരുന്ന 32 ഡിവിഷനുകൾ 2023-24 വർഷവും അനുവദിക്കുന്നതിനുള്ള നിർദ്ദേശം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും, അധിക തസ്തിക എന്ന നിലയിൽ സർക്കാരിലേക്ക് ശുപാർശ ചെയ്ത ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം റദ്ദാക്കണമെന്നും, 2023-24 വർഷം ഒന്നാം ക്ലാസ്സിൽ യു.ഐ.ഡി ഉള്ള 91-ൽ കൂടുതൽ കുട്ടികൾ ആ വർഷം അദ്ധ്യയനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ്സിൽ അധിക തസ്തിക അനുവദിച്ചു നൽകണം എന്നതുമാണ് സ്കൂൾ മാനേജരുടെ ആവശ്യം. ടി സ്കൂളിൽ 2022-23-ലെ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 32 ഡിവിഷനുകൾ അനുവദിച്ചിരുന്നു. 2023-24 തസ്തിക നിർണ്ണയത്തിൽ രണ്ടാം ക്ലാസ്സിൽ രണ്ട് ഡിവിഷനുകൾ കുറയുകയും 6,7 ക്ലാസ്സുകളിൽ കുട്ടികൾ കൂടിയതിനാൽ 2 അധിക ഡിവിഷനുകളും, 2 യു.പി.എസ്.ടി തസ്തികകളും, സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ആയത് സർക്കാരിൽ നിന്ന് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 9.10.2024-ലെ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയ ഉത്തരവ് പുന:ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, KER അധ്യായം XXI ചട്ടം 7(2) പ്രകാരം ഓരോ വർഷത്തെയും തസ്തിക നിർണയം വഴി ഒരു സ്കൂളിലുണ്ടാകുന്ന മൊത്തം തസ്തികകൾ കാറ്റഗറി ഭേദമെന്യേ മുൻവർഷത്തേതിനു തുല്യമാണെങ്കിൽ 1:1 റേഷ്യോ പാലിക്കേണ്ടതില്ല എന്നതിനാലും ഏതെങ്കിലും ഒരു പ്രത്യേക തസ്തിക മുൻവർഷം ഉണ്ടായിരുന്ന പ്രസ്തുത തസ്തികയുടെ എണ്ണത്തിൽ നിന്നും അധികമാകുന്നതായി കണ്ടാൽ ടി തസ്തിക അനുവദിക്കുന്നതിന് G.O(P)No.5/2022/GEdn പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ചുള്ള ഉന്നത തല പരിശോധനകൾ നടത്തി ഒക്ടോബർ 1

മുതൽ പ്രാബല്യത്തിൽ മാത്രമേ അനുവദിക്കാനാകൂ എന്നതിനാൽ അപ്രകാരം നടപടി സ്വീകരിയ്ക്കാനും, 2023-24 വർഷത്തിൽ യു.ഐ.ഡി ഇൻവാലീഡ് ആയ കുട്ടികളുടെ യുഐ.ഡി വാലിഡ് ആക്കുന്നതിനു 07.08.2023 തീയതി വരെ സമയം അനുവദിച്ചിരുന്നതിനാൽ 08.08.2023 തിയതിയിൽ വാലിഡ് യു.ഐ.ഡി ഉള്ള (i.e, പുതുതായി യു.ഐ.ഡി. നേടിയതോ അഥവാ ഇൻവാലീഡ് യു.ഐ.ഡി വാലിഡ് ആക്കി ലഭ്യമാക്കിയതോ ആയ) കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് തസ്തിക നിർണ്ണയം നടത്താവുന്നതാണ് എന്നതിനാൽ 2 കുട്ടികൾ ടി.സി വാങ്ങിപോയത് ഏതൊക്കെ തീയതികളിലാണ്, എന്ത് കാരണത്താലാണ്, യു.ഐ.ഡി ലഭ്യമാകാത്ത 4 കുട്ടികൾക്ക് യു.ഐ.ഡി ലഭിച്ച തീയതി, മിനിമം 91 കുട്ടികൾ 2023-24 അദ്ധ്യയന വർഷം മുഴുവനായും അദ്ധ്യയനം നടത്തിയിട്ടുണ്ടോ എന്നിവ പരിശോധിച്ച് വ്യാജ അഡിമിഷൻ സംശയിക്കേണ്ടതില്ലെങ്കിൽ മാത്രം ആറാം പ്രവൃത്തി ദിവസത്തിൽ വാലിഡ് യു.ഐ.ഡി ഉള്ള 91 കുട്ടികൾ ഉണ്ടായിരുന്നു എന്നത് കണക്കിലെടുത്ത് അധിക തസ്തികയ്ക്കായി ശുപാർശ ചെയ്യാനും ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് അക്കര എൻ.എം.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോനാ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് ജില്ല.
മാനേജർ, എൻ. എം. യു. പി സ്കൂൾ, അക്കര, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 11-09-2025 12:02:27